File No.FWLD-F2/18/2019-FWLD

16699
30/9/19

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് -ജീവനക്കാര്യം-ശ്രീ. വി ഐ അനു, സീനിയർ ക്ലാർക്കിന് അനുവദിച്ച പലിശ രഹിത ചികിത്സാ വായ്പയിൽ ചികിത്സക്ക് ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

G.O.(Rt)No.348/2019/F&WLD തീയതി,തിരുവനന്തപുരം, 27/08/2019

പരാമർശം:-1 20.07.2015-ലെ സ.ഉ.(സാധാ).നം.326/15/വനം നമ്പർ ഉത്തരവ്.

2 ഭരണ വിഭാഗം ഉപമുഖ്യവനപാലകന്റെ 29.01.2019 തീയതിയിലെ എച്ച്2-30509/15 നമ്പർ കത്ത്.

ഉത്തരവ്

ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.വി.ഐ.അനുവിന്റെ ഭാര്യയുടെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് തിരുവനന്തപുരം കിംസ് ആശുപത്രിയിലെ ചെലവുകൾക്കായി സൂചന ഒന്ന് പ്രകാരം അനുവദിച്ച ഇരുപത് ലക്ഷം രൂപയിൽ , ആരോഗ്യവകുപ്പ് ഡയറക്ടർ പരിശോധിച്ച് അനുവദനീയമാണെന്ന് അറിയിച്ചിട്ടുള്ള 9,24,923/- രൂപ (ഒൻപത് ലക്ഷത്തി ഇരുപത്തിനാലായിരത്തി തൊള്ളായിരത്തി ഇരുപത്തിമൂന്ന് രൂപ മാത്രം) ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും പരാമർശിത കത്ത് പ്രകാരം ഉപമുഖ്യവനപാലകൻ ശുപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.വി.ഐ.അനുവിന്റെ ഭാര്യയ്ക്ക് തിരുവനന്തപുരം 'കിംസ്' ഹോസ്പിറ്റലിലെ ചികിൽസയ്ക്കായി ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്നറിയിച്ച 9,24,923/- രൂപയുടെ 80% ആയ 7,39,938/- രൂപാ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ആയി അനുവദിച്ച്, പരാമർശം (1) പ്രകാരം അനുവദിച്ച 20,00,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പയിൽ ക്രമീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3). ഭരണ വിഭാഗം ഉപമുഖ്യവനപാലകൻ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ശേഷിക്കുന്ന തുകയായ 12,60,062/- രൂപ അപേക്ഷകൻ അടിയന്തിരമായി തിരികെ അടച്ച് പ്രസ്തുത ചെലാൻ സഹിതം പലിശരഹിത ചികിത്സാ വായ്പ ക്രമീകരിക്കുന്നതിനുള്ള അപേക്ഷ ലഭ്യമാക്കേണ്ടതുമാണ്.

File No.FWLD-F2/18/2019-FWLD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SATYAJEET RAJAN
ADDITIONAL CHIEF SECRETARY

ഭരണ വിഭാഗം ഉപമുഖ്യവനപാലകൻ ,തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

ശ്രീ. അനു വി ഐ,സീനിയർ ക്ലാർക്ക്, ( ഉപമുഖ്യവനപാലകൻ മുഖാന്തരം.).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എ& ഇ), കേരള,തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള,തിരുവനന്തപുരം.

ധനകാര്യവകുപ്പ് ( 1204458/എൽ3/2019/ധന പ്രകാരം)

വെബ്ബ് & ന്യൂ മീഡിയ.

വനം വന്യജീവി (പി എസ്) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SAJEEVAN M K
Date: 2019.08.29 14:42:25 IST
Reason: Approved
സെക്ഷൻ ഓഫീസർ